കേരള സർക്കാർ
സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - നഗരകാര്യം - ജീവനക്കാര്യം - ഓപ്പറേഷൻ സർവ്വീസ് റൈറ്റ്സ് - മാവേലിക്കര നഗരസഭയിൽ നടത്തിയ മിന്നൽ പരിശോധന - നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ. കെ. പ്രേമചന്ദ്രനെതിരെ ആരംഭിച്ച അച്ചടക്ക നടപടിയിൽ നിന്നും ടിയാനെ ഒഴിവാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

=====================================================================

**തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്**

സ.ഉ.(സാധാ) നം. 2278/2016/തസ്വഭവ. തീയതി, തിരുവനന്തപുരം, 28.07.2016.

=====================================================================

**പരാമർശം :** 1) വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 26/04/2014 തീയതിയിലെ ഇ4(എസ്.സി. 39/2013/എഎൽപി) 32120/2013 നമ്പർ കത്ത്.
2) മാവേലിക്കര നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ. കെ. പ്രേമചന്ദ്രന് നൽകിയ 07.01.2015 തീയതിയിലെ 71630/ഇയു1/14/തസ്വഭവ. നമ്പർ കുറ്റപത്രം.
3) കുറ്റപത്രത്തിന് ശ്രീ. കെ. പ്രേമചന്ദ്രൻ സമർപ്പിച്ച 20.02.2015 തീയതിയിലെ പ്രതിവാദ പത്രിക.
4) നഗരകാര്യ ഡയറക്ടറുടെ 11.09.2015 തീയതിയിലെ വി1-1518/2015/ഡിയുഎ. നമ്പർ കത്ത്.

**ഉത്തരവ്**

വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ 'ഓപ്പറേഷൻ സർവ്വീസ് റൈറ്റ്സ്' എന്ന പേരിൽ സംസ്ഥാന വ്യാപകമായി നടത്തിയ മിന്നൽ പരിശോധനകളുടെ ഭാഗമായി ബ്യൂറോയുടെ ആലപ്പുഴ യൂണിറ്റ് 09.09.2013 തീയതിയിൽ മാവേലിക്കര നഗരസഭയിൽ നടത്തിയ മിന്നൽ പരിശോധനയിൽ താഴെ പറയുന്ന ക്രമക്കേടുകൾ കണ്ടെത്തിയിരുന്നു:-

1) മാവേലിക്കര നഗരസഭയിലെ വള്ളക്കാലിൽ, സാന്ദ്ര, പ്രതിഭ എന്നീ മൂന്ന് തീയറ്ററുകൾ നിയമാനുസൃതമായ ലൈസൻസ് ഇല്ലാതെ പ്രവർത്തിച്ചു വരുന്നു.
2) ശ്രീ.പി.ജെ. ജയരാജ്, ശ്രീ.കെ.പി. ഷിഹാബുദ്ദീൻ, ശ്രീ. ആർ. മുരളി എന്നിവർ യഥാക്രമം ചാർജ്ജ് വഹിച്ചിരുന്ന നഗരസഭയിലെ ഇ1, ഇ2, ആർ1 സെക്ഷനുകളിൽ പേഴ്സണൽ രജിസ്റ്റർ കൃത്യമായി സൂക്ഷിച്ചിട്ടില്ല.
3) നഗരസഭയിൽ 2003 മുതൽ 2013 വർഷം വരെ പൗരാവകാശ രേഖ പുതുക്കുകയോ പ്രസിദ്ധീകരിക്കുകയോ ചെയ്തിട്ടില്ല.

മേൽ പ്രസ്താവിച്ച ക്രമക്കേടുകൾക്കെതിരെ ടി കാലയളവിൽ മാവേലിക്കര നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ. കെ. പ്രേമചന്ദ്രനെതിരെ ഒന്നാം പരാമർശിത കത്തിന്റെ അടിസ്ഥാനത്തിൽ അച്ചടക്ക നടപടി സ്വീകരിക്കുകയും ആയതിന്റെ

ഭാഗമായി ടിയാന് രണ്ടാം പരാമർശിത കുറ്റാരോപണ പത്രം നൽകുകയുമുണ്ടായി.

2. കുറ്റപത്രത്തിന് ശ്രീ. കെ. പ്രേമചന്ദ്രൻ സമർപ്പിച്ച മൂന്നാം പരാമർശിത പ്രതിവാദ പത്രികയിൽ ചുവടെ ചേർക്കുന്ന കാര്യങ്ങൾ ബോധിപ്പിച്ചിട്ടുണ്ട്.

''വള്ളക്കാലിൽ തീയേറ്ററിന് 19.08.2013 വരെ ലൈസൻസ് നൽകിയിരുന്നതും കാലാവധി അവസാനിക്കുന്ന സ്ട്രക്ച്ചറൽ സർട്ടിഫിക്കറ്റിനായി 19.07.2013-ൽ നഗരസഭയിൽ അപേക്ഷ സമർപ്പിക്കുകയും ആയത് PWD യിലേക്ക് അയയ്ക്കുകയും ചെയ്തിരുന്നു. പുതുക്കിയ സർട്ടിഫിക്കറ്റ് 16.08.2013-ൽ ലഭിച്ചുവെങ്കിലും വിവരം നേരിട്ട് തന്റെ ശ്രദ്ധയിൽപ്പെട്ടിരുന്നില്ല. നഗരസഭയിലെ ഹെൽത്ത് വിഭാഗം പരിശോധന അടിയന്തിരമായി നടത്തിയിരുന്നുവെങ്കിൽ കാലതാമസം കൂടാതെ 20.08.2013 മുതൽ നൽകേണ്ടുന്ന ലൈസൻസ് യഥാസമയം നൽകാൻ കഴിയുമായിരുന്നു. എന്നാൽ 13.09.2013 ലാണ് നൽകിയിട്ടുള്ളത്. കാലതാമസത്തിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥനോട് വിശദീകരണം ചോദിക്കുകയും കർശന നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്.

സാന്ദ്ര തീയ്യേറ്ററിന് 30.12.2012 മുതൽ 31.07.2013 വരെയുള്ള ലൈസൻസ് നിലവിലുണ്ടായിരുന്നു. നവീകരണത്തിനായി ടി തീയ്യേറ്റർ 09.07.2013-ൽ അടച്ചിടുകയായിരുന്നു. വിജിലൻസ് പരിശോധനാ സമയത്ത് തീയ്യേറ്ററിൽ സിനിമാ പ്രദർശനം നടത്തിയിരുന്നില്ല.

പ്രതിഭാ തീയ്യേറ്ററിന് മേൽ സൂചിപ്പിച്ച ഹൈക്കോടതി ഉത്തരവു പ്രകാരം 2013 ആദ്യ കാലത്ത് ഘട്ടം ഘട്ടമായി ലൈസൻസ് പുതുക്കി നൽകിയിരുന്നു. 13.02.2014 വരെ ലൈസൻസിന് ആവശ്യമായ മറ്റ് സർട്ടിഫിക്കറ്റുകൾ ലഭ്യമായിരുന്നു. രേഖാമൂലമുള്ള ലൈസൻസ് നൽകിയതിൽ വന്ന കാലതാമസത്തിന് വിശദീകരണം ആവശ്യപ്പെടുകയും താക്കീതു നൽകുകയും ചെയ്തിരുന്നു. സിനിമാ റെഗുലേഷൻ ചട്ടപ്രകാരം ആവശ്യമായ രേഖകൾ ഇല്ലാതെ തീയ്യേറ്ററുകൾ പ്രവർത്തിക്കാൻ അനുവദിച്ചിട്ടില്ല. രേഖാമൂലമുള്ള ലൈസൻസ് നൽകുന്നതിൽ വന്നിട്ടുള്ള വീഴ്ച മനഃപ്പൂർവ്വമായ നോട്ടക്കുറവല്ല. നഗരസഭയിലെ ജോലിഭാരം മൂലം ചില സെക്ഷനുകളിൽ ഫയലുകളുടെ പൂർണ്ണമായ ചംക്രമണം പി.ആർ.-ൽ രേഖപ്പെടുത്താൻ കഴിയാറില്ല. എന്നാൽ അത്യാവശ്യ രേഖപ്പെടുത്തലുകൾ ഒഴിവാക്കാൻ അനുവദിച്ചിട്ടില്ല. സബ്സിഡിയറി രജിസ്റ്റർ സൂക്ഷിക്കുന്ന സെക്ഷനിൽ നടപടിക്രമം അവയിൽ രേഖപ്പെടുത്തുന്നു.

സെക്ഷനുകളിൽ അടുക്കും ചിട്ടയുമില്ലാതെ സൂക്ഷിക്കുന്ന ഫയലുകൾ തരംതിരിച്ച് കാലാനുസരണമുള്ള ലിസ്റ്റെഴുതി മാറ്റുന്നതിന് ഓഫീസ് ഉത്തരവ് നൽകുകയും നടപടി ഫയലുകൾ അല്ലാത്തവ സൂക്ഷിക്കുന്നതിന് സ്ഥല സൗകര്യം ഇല്ലാതിരുന്നതിനാൽ 2013-14-ലെ വാർഷിക പദ്ധതിയിൽ റെക്കോർഡ് റൂം നിർമ്മാണം ഒരു പ്രോജക്ടായി ഉൾപ്പെടുത്തി നടപടി സ്വീകരിച്ചിട്ടുള്ളതും ഇപ്പോൾ നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളതുമാണ്. പഴയ ഫയലുകൾ അവസാനിപ്പിക്കുകയും നടപടി ഫയലുകൾ വേർതിരിച്ച് കാലാനുസരണം നടപ്പ് പി.ആർ-ലേയ്ക്ക് ക്യാരിഓവർ ചെയ്യുന്നതിനും നിശ്ചയിച്ചിരുന്നു. തന്നാണ്ടത്തെ തപാലുകൾ പോലും കൃത്യമായി രേഖപ്പെടുത്താത്തവരുടെ പേരുകളാണ് വിജിലൻസ് റിപ്പോർട്ടിൽ ഉള്ളത് എന്ന് മനസ്സിലാക്കുന്നു. ബിൽകളക്ടർ തസ്തികയിൽ നിന്ന് സെക്ഷനിലേക്ക് വരുന്ന ജീവനക്കാർക്ക് ടി സമയത്ത് ഓഫീസ് നടപടികളിൽ പരിശീലനം ലഭിക്കുന്നില്ല. ഇനി പരിശോധിക്കേണ്ട വരായ സൂപ്പർവൈസറി തസ്തികയിലുള്ളവർ അത് റിപ്പോർട്ട് ചെയ്തിരുന്നുമില്ല. തന്റെ സേവനകാലത്ത് ഏറെ സമയവും മാവേലിക്കരയിലെ ഹെഡ്ക്ലാർക്ക്

തസ്തിക ഒഴിഞ്ഞു കിടക്കുകയും ആകെ ലഭ്യമായിരുന്ന ഒരു സൂപ്രണ്ടിന് എല്ലാ ക്ലറിക്കൽ ജീവനക്കാരെയും ശരിയായ രീതിയിൽ നിരീക്ഷിക്കാൻ കഴിഞ്ഞിരുന്നുമില്ല.

ജനപ്രതിനിധികളോടൊപ്പം എത്തുന്ന പൊതുജനങ്ങൾക്ക് കാലതാമസം കൂടാതെ സർട്ടിഫിക്കറ്റുകളും മറ്റും ലഭ്യമാക്കുന്നതിൽ വീഴ്ചവരുത്തുന്ന വിഷയങ്ങൾ ഗൗരവമായി കാണുന്നുണ്ടെങ്കിലും പി.ആർ. എഴുതാത്ത ജീവനക്കാർക്ക് എതിരെ ശിക്ഷണ നടപടി എടുക്കാതെ വന്നതിന് ഇന്റർമീഡിയറി തലത്തിലുള്ള മേൽനോട്ടക്കുറവാണ് പ്രധാന കാരണം. ഓഫീസ് ഉത്തരവുകൾ കൃത്യമായി നൽകിയിരുന്നു. ഓഫീസ് നടപടി പ്രകാരം പേഴ്സണൽ രജിസ്റ്റർ എഴുതി സമർപ്പിക്കണമെന്ന നിർദ്ദേശം സ്റ്റാഫ് മീറ്റിംഗിൽ ഊന്നിപ്പറയുകയും തുടർന്ന് ഓഫീസ് ഉത്തരവുകൾ നൽകുകയും ചെയ്തിരുന്നു. പി.ആർ. എഴുതേണ്ടുന്ന നടപടിക്രമം ക്ലർക്കുമാർക്ക് വിശദീകരിച്ചു നൽകുകയും ലഭിക്കുന്ന തപാലുകൾ അന്നുതന്നെ സെക്ഷനുകളിൽ ലഭ്യമാക്കാൻ നിർദ്ദേശിക്കുകയും ചെയ്തിരുന്നു.''

3) 2013 ഫെബ്രുവരി 13-ാം തീയതിയാണ് താൻ മാവേലിക്കര നഗരസഭയിൽ ജോലിയിൽ പ്രവേശിച്ചതെന്നും പൗരാവകാശ രേഖ പുതുക്കുന്ന വിഷയം നഗരസഭയിലെ വികസന കാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയിൽ സമർപ്പിച്ചിരുന്നുവെങ്കിലും ശുപാർശ ലഭിക്കാതിരുന്നതിനാൽ മുന്നോട്ട് പോയിരുന്നില്ലെന്നും നഗരകാര്യ ഡയറക്ടറുടെ 27.04.2013-ലെ ജി.3-11252/2012 നമ്പർ വിജ്ഞാപന പ്രകാരമുള്ള സേവനാവകാശ നോട്ടിഫിക്കേഷൻ ലഭിച്ചപ്പോൾ അതുകൂടി ഉൾപ്പെടുത്തി പൗരാവകാശ രേഖ പുതുക്കുന്നതിന് ശ്രമിക്കുകയും 27.06.2013-ലെ 1-ാം നമ്പർ തീരുമാന പ്രകാരം കൗൺസിൽ ഇതിനുള്ള അനുമതി നൽകുകയും ചെയ്തിരുന്നുവെന്നും ഓരോ മാസവും ശമ്പളവും പെൻഷനും കൃത്യമായി നൽകാൻ ബുദ്ധിമുട്ടിയിരുന്ന നഗരസഭയ്ക്ക് തനതു ഫണ്ടിൽ നിന്ന് പൗരാവകാശ രേഖ അച്ചടിക്കുന്നതിന് തുക കണ്ടെത്താൻ പ്രയാസമായിരുന്നുവെന്നും പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് ശ്രമം നടത്തിയെങ്കിലും 05.11.2013-ൽ മാവേലിക്കരയിൽ നിന്ന് സ്ഥലം മാറ്റം ലഭിച്ചതിനാൽ തുടർ നടപടിയിൽ ശ്രദ്ധിക്കാൻ കഴിഞ്ഞില്ലെന്നും ആയതിനാൽ വന്നിട്ടുള്ള വീഴ്ച മാപ്പാക്കണമെന്നും ടിയാൻ അപേക്ഷിച്ചിട്ടുണ്ട്.

4) ഫയൽ കൈകാര്യം ചെയ്യുന്ന ആർ2 സെക്ഷന്റെയും സെക്ഷൻ സൂപ്രണ്ടിന്റെയും ഭാഗത്തു നിന്ന് ഉണ്ടായ താമസം മൂലമാണ് വള്ളക്കാലിൽ പ്രതിഭ തീയേറ്ററുകൾക്ക് യഥാസമയം KCR ലൈസൻസ് പുതുക്കി നൽകാൻ കഴിയാതിരുന്നതെന്നും കാലതാമസം വരുത്തിയതിന് നഗരസഭാ സെക്രട്ടറി ബന്ധപ്പെട്ട സെക്ഷൻ ക്ലാർക്കിന് ഫയലിൽ താക്കീത് നൽകിയിട്ടുണ്ടെന്നും ഈ സാഹചര്യത്തിൽ വള്ളക്കാലിൽ, പ്രതിഭ എന്നീ തീയേറ്ററുകൾക്ക് വിജിലൻസ് പരിശോധനാ സമയം KCR ലൈസൻസ് ഇല്ലാതിരുന്ന വിഷയത്തിൽ ആണ് മാവേലിക്കര നഗരസഭാ സെക്രട്ടറി ആയിരുന്ന ശ്രീ. കെ. പ്രേമചന്ദ്രൻ മനഃപ്പൂർവ്വമായ വീഴ്ച വരുത്തിയിട്ടില്ലെന്നും നഗരകാര്യ ഡയറക്ടർ 4-ാം പരാമർശിത കത്ത് പ്രകാരം അറിയിച്ചിട്ടുണ്ട്. കൂടാത സൂപ്പർവൈസർ തസ്തികയിൽ ജോലി ചെയ്തിരുന്നവരുടെ കൂടി മേൽനോട്ടക്കുറവു കൊണ്ടാണ് സെക്ഷൻ ക്ലാർക്കുമാർ കൃത്യമായി പേഴ്സണൽ രജിസ്റ്ററുകൾ സൂക്ഷിക്കാതിരുന്നതെന്നും ഇക്കാര്യത്തിൽ നഗരസഭാ സെക്രട്ടറി മാത്രമാണ് ഉത്തരവാദി എന്ന് പറയാൻ കഴിയില്ലെന്നും 2003 മുതൽ മാവേലിക്കര നഗരസഭയിൽ പൗരാവകാശ രേഖ പുതുക്കുകയോ, പ്രസിദ്ധീകരിക്കുകയോ ചെയ്തിരുന്നതിൽ ശ്രീ.കെ.പ്രേമചന്ദ്രൻ മാത്രമല്ല ഉത്തരവാദിയെന്ന്

കാണുന്നതായും ടിയാൻ ജോലി ചെയ്തിരുന്ന കാലത്ത് പൗരാവകാശ രേഖ പുതുക്കി പ്രസിദ്ധീകരിക്കുന്നതിന് പ്രാഥമിക നടപടികൾ സ്വീകരിച്ചിരുന്നുവെന്നും നിലവിൽ 03.02.2015-ലെ നഗരസഭാ കൗൺസിൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ മാവേലിക്കര നഗരസഭയിൽ പൗരാവകാശ രേഖ പുതുക്കി പ്രസിദ്ധീകരിച്ചിട്ടുണ്ട് എന്നും നഗരകാര്യ ഡയറക്ടർ അറിയിക്കുകയുണ്ടായി.

5) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ 'ഓപ്പറേഷൻ സർവ്വീസ് റൈറ്റ്സ്' എന്ന പേരിൽ സംസ്ഥാന വ്യാപകമായി നടത്തിയ മിന്നൽ പരിശോധനകളുടെ ഭാഗമായി ബ്യൂറോയുടെ ആലപ്പുഴ യൂണിറ്റ് 09.09.2013 തീയതിയിൽ മാവേലിക്കര നഗരസഭയിൽ നടത്തിയ മിന്നൽ പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകൾക്ക് അന്നത്തെ സെക്രട്ടറിയായിരുന്ന ശ്രീ. കെ. പ്രേമചന്ദ്രനെതിരെ ആരംഭിച്ച അച്ചടക്ക നടപടിയിൽ നിന്നും ടിയാൻ 31.03.2016 തീയതിയിൽ സർവ്വീസിൽ നിന്ന് വിരമിച്ച സാഹചര്യവും കുറ്റപത്രത്തിന് ടിയാൻ സമർപ്പിച്ച മറുപടിയും നഗരകാര്യ ഡയറക്ടറുടെ ശുപാർശയും കണക്കിലെടുത്ത് ടിയാനെ ഒഴിവാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**രമേശൻ. എം.കെ.,**
**ജോയിന്റ് സെക്രട്ടറി.**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് /എ&ഇ), തൃശൂർ
ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം.
സെക്രട്ടറി, മാവേലിക്കര നഗരസഭ.
ശ്രീ. കെ. പ്രേമചന്ദ്രൻ, നഗരസഭാ സെക്രട്ടറി (റിട്ടയേർഡ്)
(നഗരകാര്യ ഡയറക്ടർ മുഖേന)
വിജിലൻസ് വകുപ്പ് (20.05.2016 തീയതിയിലെ 5114/ഡി1/2016/വിജി. നമ്പർ പ്രകാരം)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**